REV-R1/128/2023-REV

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 1963-ലെ ഭൂപരിഷ്കരണ നിയമത്തിന്റെ കീഴിലുള്ള 1970 ലെ കേരള ഭൂപരിഷ്കരണ (കുടിയായ്മ) ചട്ടങ്ങൾ - പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ കൊല്ലങ്കോട് 1 വില്ലേജിലെ പെരുമാൾകോവിൽ ദേവസ്വത്തിന് നിലവിൽ ലഭിച്ചുവരുന്ന അന്തിമ വർഷാശനം പരിഷ്കരിച്ച് ഉത്തരവാകുന്നു.

**റവന്യൂ (ആർ) വകുപ്പ്**

G.O.(Ms) No.131/2025/RD തീയതി,തിരുവനന്തപുരം, 16-05-2025

പരാമർശം:-

1. ജി.ഒ (എം.എസ്) നം.227/05/ആർ.ഡി, തീയതി 15/07/2005.
2. ജി.ഒ(പി) 12/2009/റവന്യൂ തീയതി 06.01.2009 (എസ്.ആർ.ഒ.നം.16/2009)
3. പെരുമാൾകോവിൽ ദേവസ്വം മാനേജിങ് ട്രസ്റ്റിയുടെ 30/9/2023 ലെ ഫോറം 27 ബി യിൽ സമർപ്പിച്ച അപേക്ഷ.
4. ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 08/04/2025 തീയതിയിലെ എൽ.ബി/1349/2023 - ബി10 നമ്പർ കത്ത്..

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ, ചിറ്റൂർ താലൂക്കിൽ, കൊല്ലങ്കോട് 1 വില്ലേജിൽ പെരുമാൾ കോവിൽ ദേവസ്വത്തിന് 15,442/- രൂപ (പതിനയ്യായിരത്തി നാന്നൂറ്റി നാൽപത്തി രണ്ട് രൂപ മാത്രം) അന്തിമ വർഷാശനമായി അനുവദിച്ചിരുന്നു.

2. 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 66 പ്രകാരം നൽകിവരുന്ന വർഷാശനം മൂന്ന് മടങ്ങായി വർദ്ധിപ്പിക്കാനും തുടർന്നുള്ള ഓരോ അഞ്ച് വർഷം കൂടുമ്പോഴും 25% വർദ്ധിപ്പിച്ച് പുതുക്കി നിശ്ചയിക്കാനും പരാമർശം (2) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

3. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ കൊല്ലങ്കോട് 1 വില്ലേജിൽ പെരുമാൾ കോവിൽ ദേവസ്വത്തിന് പരാമർശം (2) ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അന്തിമ വർഷാശനം മൂന്ന് മടങ്ങ് വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപനത്തിന്റെ ട്രസ്റ്റി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷ പരിഗണനാർഹമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ, ചിറ്റൂർ താലൂക്കിൽ, കൊല്ലങ്കോട് 1 വില്ലേജിൽ പെരുമാൾ കോവിൽ ദേവസ്വത്തിന് ഇപ്പോൾ നൽകിവരുന്ന അന്തിമവർഷാശനമായ 15,442/- രൂപ (പതിനയ്യായിരത്തി നാന്നൂറ്റി നാൽപത്തി രണ്ട് രൂപ മാത്രം) പരാമർശം (2) ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് മടങ്ങായി പരിഷ്കരിച്ച് പ്രതിവർഷം 46,326/-

(നാല്പത്തി ആറായിരത്തി മുന്നൂറ്റി ഇരുപത്തി ആറ് രൂപാ മാത്രം) രൂപ 2006 മുതൽ 2010 വരെയും തുടർന്ന് ഓരോ അഞ്ച് വർഷം കൂടുമ്പോഴും (അതായത് 2011, 2016, 2021...എന്നിങ്ങനെ) മൂന്ന് മടങ്ങ് പരിഷ്കരിച്ച വർഷാശനമായ 46,326/- രൂപയുടെ 25% ആയ 11,582/- രൂപ (പതിനൊന്നായിരത്തി അഞ്ഞൂറ്റി എൺപത്തി രണ്ട് രൂപാ മാത്രം) വീതം വർദ്ധിപ്പിച്ച് നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. പണം കൈപ്പറ്റുന്നതിന് പ്രസ്തുത സ്ഥാപനത്തിന്റെ മാനേജിങ് ട്രസ്റ്റിയെ ഇതിനാൽ അധികാരപ്പെടുത്തുന്നു. കൊല്ലങ്കോട് സബ് ട്രഷറിയിൽ നിന്നും പണം നൽകുന്നതാണ്.

5. റവന്യൂ (ആർ) വകുപ്പിന്റെ 16-05-2025 തീയതിയിലെ 1852/70 -ാം നമ്പരിലുള്ള അന്തിമ വർഷാശനം നൽകൽ ഉത്തരവിന്റെ രണ്ട് പ്രതികൾ കേരള അക്കൗണ്ടന്റ് ജനറലിന് ഇതോടൊപ്പം അയയ്ക്കുന്നു.

6. ഇതിലേക്കുള്ള ചെലവ് 2025-26 ലേക്കുള്ള ബഡ്ജറ്റിലെ ''3475-00-201-96-1963 ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം പൊതു സ്വഭാവത്തോടുകൂടിയ മത, ധർമ്മ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വർഷം തോറുമുള്ള ധനസഹായം'' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

7. തിരിച്ചറിയുന്നതിനായി ഹാജരാക്കുന്ന തെളിവിൻമേൽ സ്ഥാപനത്തിന്റെ മാനേജിങ് ട്രസ്റ്റിക്ക് വർഷാശനം നൽകുന്നതിനായി കൊല്ലങ്കോട് സബ് ട്രഷറി ഓഫീസർക്ക് ആവശ്യമായ അധികാരപത്രം കേരള അക്കൗണ്ടന്റ് ജനറൽ നൽകുന്നതാണ്.

8. സ്ഥാപനത്തിന്റെ മാനേജിങ് ട്രസ്റ്റി തുക കൈപ്പറ്റി ഒരാഴ്ചക്കകം ലാൻഡ് ബോർഡ് സെക്രട്ടറിയെ വിവരം അറിയിക്കേണ്ടതാണ്.

9. സ്ഥാപനത്തിന് 2006 മുതൽ നാളിതുവരെ നൽകിയ അന്തിമ വർഷാശന തുക പുതുക്കിയ വർഷാശനത്തിൽ തട്ടിക്കിഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEDEVI I B
DEPUTY SECRETARY

(1) അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), തൃശ്ശൂർ
(2) സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
(3) ജില്ലാ കളക്ടർ, പാലക്കാട്
(4) സബ് ട്രഷറി ഓഫീസർ, കൊല്ലങ്കോട്
(5) മാനേജിങ് ട്രസ്റ്റി, ശ്രീ പെരുമാൾ കോവിൽ ദേവസ്വം, കൊല്ലങ്കോട്, പാലക്കാട് - 678506
(6) ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Salini P
Date: 16-05-2025 12:10:56

REV

സെക്ഷൻ ഓഫീസർ